## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3089 13.10. 2011-ൽ മറുപടിക്ക്.**

**തൃത്താല പോലീസ് സ്റ്റേഷന് സ്ഥലവും കെട്ടിടവും അനുവദിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. റ്റി. ബൽറാം | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) തൃത്താല പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തിലെ സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) പ്രസ്തുത പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | : (ബി) 08.11.2010-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ:442/2010/റവന്യൂ പ്രകാരം തൃത്താല വില്ലേജിൽ റീസർവ്വേ 55/4-ൽ 43.2 സെന്റ് ഭൂമി ഇതിനായി പോലീസ് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. |
| (സി) സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിൽ അവിടെ കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ ; | : (സി) തൃത്താല പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം 2011-12 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

(.................2)

(ഡി) നിലവിൽ തൃത്താല പോലീസ് സ്റ്റേഷൻ വളപ്പിൽ സൂക്ഷിച്ചിരിക്കുന്ന കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങളും പോലീസ് പിടിച്ചെടുത്ത മണലും ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽകൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

: (ഡി) കോടതിയുടെ നിർദ്ദേശ പ്രകാരം പോലീസ് സ്റ്റേഷൻ വളപ്പിൽ സൂക്ഷിച്ചിരിക്കുന്ന കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ പ്രസ്തുത കേസുകളിൽ തീർപ്പ് കൽപ്പിച്ചാൽ മാത്രമേ ഇത് സംബന്ധിച്ച് മറ്റ് നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ.

സെക്ഷൻ ഓഫീസർ